**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6132** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് മുഖേനയുള്ള കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പ് മുഖേന ഏതെല്ലാം മൂല്യവർദ്ധിത കാർഷിക കാർഷികേതര ഉൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയ ഉൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ഉൽപ്പന്നങ്ങൾ ഏതെല്ലാം രാജ്യങ്ങളിലേയ്ക്കും സ്ഥലങ്ങളിലേയ്ക്കുമാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു. എ. ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി ചെയ്തുവരുന്നത്. |
| (സി) | കൂടുതൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സഹകരണ ഉൽപ്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ, യു.കെ, ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'എക്സ്പോർട്ട് ബിസിനസ് മീറ്റ്-2024' സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കുന്നതിനു സഹകരണ സംഘങ്ങൾ സജ്ജമാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ